വിദ്യാനഗർ—മുഡിപ്പ് റോഡ്

33 [3014] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന റോഡായ വിദ്യാനഗർ-മുഡിപ്പ് റോഡ് വികസനം നടത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ഇത് സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിന് നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അന്തർ സംസ്ഥാന റോഡായ വിദ്യാനഗർ-മുഡിപ്പ് റോഡിന്റെ വികസനം നടത്തുന്നതിന് 1045 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കേരള റോഡ് ഫണ്ടിനു 4-8-2004-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) സെൻട്രൽ റോഡ് ഫണ്ടിൽ ഈ പദ്ധതി ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.

റാന്നി സബ്ഡിവിഷനിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ

34 [3015] *ശ്രീ. രാജു എബ്രഹാം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി പി.ഡബ്ള്യു.ഡി. സബ് ഡിവിഷനിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ നന്നാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ശബരിമല ഉത്സവം എന്ന പേരിൽ അനുവദിക്കുന്ന കൂടുതൽ ഫണ്ടും വനപ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന റോഡുകൾക്ക് വിനിയോഗിക്കുന്നതിനാൽ നാട്ടുമ്പുറത്തുള്ള റോഡുകൾ പുനരുദ്ധരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പുതുതായി ഏറ്റെടുത്ത റോഡുകൾ ഉൾപ്പെടെ സഞ്ചാരയോഗ്യമല്ലാത്ത ഓരോ റോഡിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുനരുദ്ധാരണ പ്രവൃത്തികൾ എന്തൊക്കെയെന്ന് പ്രത്യേകം വിശദീകരിക്കാമോ?

ഉത്തരം

(എ) ഫണ്ടിന്റെ ലഭ്യതക്കുള്ളിൽ നിന്നുകൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly